# അനൗദ്യോഗിക ഉസ്താദ്



ഒരു ദിവസം രാജസഭയിൽ വച്ച്..
ജ്ഞാനിയായ ഉസ്താദേ .. നിങ്ങളെന്റെ നായാട്ട് പരിപാടി ഒരു സാമ്പത്തിക ഇടപെടലാക്കി മാറ്റി..
മഹാരാജൻ ഞാനെന്റെ ബുദ്ധിയും അനുഭവവും അങ്ങയുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു..
ജ്ഞാനിയായ ഉസ്താദേ ..ഞാൻ സുഗന്ധ ദ്രവ്യങ്ങളുടെ വ്യാപാരം ചെയ്യണോ ?
ഉം... അതിൽ വലിയ സാധ്യതയൊന്നും കാണുന്നില്ല, പ്രഭോ.
ആണോ ? പക്ഷേ അത് നമുക്ക് ഭാഗ്യം കൊണ്ടു വരുമെന്നാണല്ലോ ഞാൻ കേട്ടത്..!
മഹാരാജൻ, എന്റെ അദ്ഭുത ശക്തിയുള്ള കല്ലുകൾ കള്ളം പറയില്ല.. ഇപ്പോൾ താങ്കൾ കെട്ടിടങ്ങൾക്കകത്തുള്ള ജോലികളിൽ പണം നിക്ഷേപിക്കുന്നതാണ് ബുദ്ധി.. അല്ലെങ്കിൽ ജീവൻ തുടിക്കുന്ന ഇരുമ്പിൽ.
വാസ്തവത്തിൽ നിങ്ങളനുവദിക്കുകയാണെങ്കിൽ നിങ്ങളുടെ പണം നിക്ഷേപിക്കാൻ സാധിച്ചാൽ ഞാൻ ധന്യനായി. അതിന് കൂടുതൽ പണമൊന്നും വേണ്ട.
നന്ദി ഉസ്താദേ.. എനിക്ക് നിങ്ങളെ മുൻപേ കാണാൻ സാധിച്ചിരുന്നെങ്കിൽ!
നിങ്ങളുടെ സമ്പാദ്യം സുരക്ഷിതമാക്കുന്നതിൽ വൈകിയിട്ടൊന്നുമില്ല.
മാന്ത്രികവിദ്യകളും സൂത്രങ്ങളും..! ഇതൊരു പദ്ധതിയെക്കാളേറെ തന്ത്രമാണെന്നു തോന്നുന്നു ..!


ഉസ്താദേ ഏത് വിദ്യാലയത്തിൽ നിന്നാണ് നിങ്ങളീ സാമ്പത്തിക വിദ്യാഭ്യാസം നേടിയത് ?
മന്ത്രി, ചില അത്ഭുത ശക്തികൾ എനിക്ക് ദിവ്യമായ പ്രവചനശക്തി തന്നിട്ടുണ്ട്. അതു കൊണ്ട് ലാഭനഷ്ടങ്ങൾ എനിയ്ക്ക് നേരത്തേ ഗ്രഹിച്ചു പറയാൻ സാധിയ്ക്കും..
അപൂർവ്വമായ കഴിവ് തന്നെ! എന്തായാലും സാമ്പത്തിക വിദഗ്ധർക്കിടയിലെങ്ങും ഞാൻ നിങ്ങളെ ഇതുവരെ കണ്ടിട്ടില്ല.
ഓ..!ഞാൻ ഒരു ഔദ്യോഗിക അംഗം എന്നതിനേക്കാളേറെ സ്വതന്ത്രമായി നടക്കുന്ന ഉപദേശകനാണ്..
അപ്പോൾ താങ്കൾക്ക് സാമ്പത്തിക ഉപദേശങ്ങൾ നൽകാനുള്ള അംഗീകരിയ്ക്കപ്പെട്ട യോഗ്യതയോ പദവിയോ ഇല്ല അല്ലേ?
മന്ത്രീ, ഞാൻ അക്കങ്ങൾ കൊണ്ടുള്ള കളികൾ അറിയുന്ന മാന്ത്രികനാണ്. എന്നോട് എന്ത് ചോദ്യം വേണമെങ്കിലും ചോദിക്കാം. ഉം.. ചോദിക്കൂ..
അങ്ങനെയാണെങ്കിൽ ഇവിടത്തെ കാട്ടിൽ എത്ര കൊതുകുകൾ ഉണ്ടെന്ന് പറയാമോ ?
'ടൊക്ക്..'
ഇതെന്ത് മണ്ടൻ ചോദ്യമാണ് ? !
ആർക്കും ഇതിനുത്തരം പറയാനാവില്ല. ജ്ഞാനിയായ ഉസ്താദിനും.
ഞാനൊന്ന് പറഞ്ഞോട്ടെ രാജൻ ? അങ്ങെനിക്ക് നൂറ് സ്വർണ്ണ നാണയം തരികയാണെങ്കിൽ ഞാൻ കൃത്യമായ ഉത്തരം പറയാം.
ഇതാ എടുത്തോളൂ.. ഇനി ഉത്തരം പറയൂ..
ഇവിടത്തെ കാട്ടിൽ 87,56,943 കൊതുകുകളുണ്ട്.




*ഉസ്താദിനെപ്പോലെ തന്നെ കൃത്യമായ യോഗ്യതയോ ലൈസൻസോ രജിസ്ട്രേഷനോ ഒന്നുമില്ലാത്തവർ ഓൺലൈനിലൂടെയും മറ്റും നിക്ഷേപകരെ വഴി തെറ്റിക്കുകയും ചതിക്കുഴികളിൽ ചാടിയ്ക്കുകയും ചെയ്യാറുണ്ട്. അതുകൊണ്ട് ഒരു വ്യക്തിയുടെ ഉപദേശം സ്വീകരിക്കുന്നതിന് മുൻപ് അയാളുടെ വിശ്വാസ്യത ഉറപ്പു വരുത്തുക. ശ്രദ്ധയും ജാഗ്രതയും പുലർത്തി അഴിമതികളെ തുടച്ചു നീക്കുക.*



# പ്രവർത്തനം

നിക്ഷേപ ഉപദേശകരായ മൂന്നുപേർ വ്യത്യസ്തമായ മൂന്ന് നിക്ഷേപ പദ്ധതികളുമായി നിങ്ങളെ സമീപിക്കുന്നു. അതിൽ ഒരാൾ മാത്രമാണ് വിശ്വാസയോഗ്യനും തട്ടിപ്പിനിരയാകാത്ത പദ്ധതി പറയാൻ കഴിവുള്ളതുമായ ആൾ.
അതാരാണെന്ന് കണ്ടുപിടിക്കാമോ?







**മിസ്റ്റർ. പിയൂഷ്**

- ഒരു മുൻനിര നിക്ഷേപ സ്ഥാപനത്തിന്റെ മാനേജർ ആണെന്ന് അവകാശപ്പെടുന്നു.
- അയാളുടെ എസ് ഇ ബി ഐ രജിസ്ട്രേഷൻ വിവരങ്ങൾ പറയാം എന്ന് വാക്കു തരുന്നു.
- ലിമിറ്റഡ് ഓഫർ പിരീഡിൽ മാത്രമുള്ള മികച്ച കുറെ സ്കീമുകൾ അയാൾ അവതരിപ്പിക്കുന്നു.
- നിങ്ങൾ ഓഫർ നഷ്ടപ്പെടുമോ എന്ന ഭയം സൃഷ്ടിച്ച് അതിവേഗ സമീപനം സ്വീകരിക്കുന്നു.

**സുമൻ ശർമ്മ**

- നിങ്ങളുടെ പരിസരത്ത് തന്നെയുള്ള ഒരു നിക്ഷേപ ഉപദേശകൻ.
- 20 വർഷത്തെ അനുഭവ സമ്പത്തുണ്ട് എന്ന് പറയുന്നെങ്കിലും എസ് ഇ ബി ഐ രജിസ്ട്രേഷൻ ഇല്ല.
- ഏത് ഔദ്യോഗിക വെബ്സൈറ്റിലും ഇല്ലാത്ത സ്കീമുകൾ നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നു.
- നിങ്ങളുടെ നിക്ഷേപം ലഭിക്കുന്നതിനായി അനാവശ്യമായ പുകഴ്ത്തലുകളും വാഗ്ദാനങ്ങളും നടത്തുന്നു.

**രാമു ചാച്ചൻ.**

- ഞാനൊരു നിക്ഷേപ ഉപദേശക കമ്പനിയിലാണ് ജോലി ചെയ്യുന്നത്.
- ഞാൻ എസ് ഇ ബി ഐ രജിസ്ട്രേഷനോടുകൂടിയ എൻറെ ഐ ഡി കാർഡ് നിങ്ങളെ കാണിക്കാം.
- ഞാൻ നിങ്ങളുമായി നിങ്ങളുടെ വ്യക്തിപരവും സാമ്പത്തികവുമായ ലക്ഷ്യങ്ങൾ ചർച്ച ചെയ്യുന്നു.
- ഞാൻ യഥാർത്ഥത്തിൽ ഇല്ലാത്ത നേട്ടങ്ങളെ കുറിച്ചൊന്നും വാക്ക് തരുന്നില്ല.

അത് രാമു ചാച്ചൻ തന്നെയാണ്. ആധികാരിക നിക്ഷേപ ഉപദേശകർ അവരുടെ യോഗ്യതകളും രജിസ്ട്രേഷൻ വിവരങ്ങളും വ്യക്തമായി പങ്കുവെക്കും. എന്നാൽ വ്യാജ ഗുരുക്കന്മാർ അനാവശ്യ പുകഴ്ത്തലുകളും മറ്റ് തന്ത്രങ്ങളും ഉപയോഗിച്ച് തട്ടിപ്പ് പദ്ധതികൾ വിൽക്കാൻ ശ്രമിക്കും.